# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 2321/11/12/2023/ TVM**

പരാതികക്ഷി : സന്ധ്യ.എസ്.എസ്,തെക്കേപ്ലാവിള
തിരുപുറം,തിരുവനന്തപുരം

എതിർകക്ഷികൾ : 1) വിജയൻ മകൻ വിജിത്ത്
2) വിജയൻ മകൻ വിനിൽ

**ഉത്തരവ് തീയതി 12.03.2024**

11.03.2023 വൈകുന്നേരം ഉദ്ദേശം 5 മണിയോടുകൂടി എതിർകക്ഷികളും ഗുണ്ടകളും ചേർന്ന് പരാതികക്ഷിയുടെ പരാതികക്ഷിയുടെ വസ്തുവിൽ അതിക്രമിച്ച് കയറി വീടിനോടു ചേർന്ന് നിർമ്മിച്ചിട്ടുള്ള മതിൽ നശിപ്പിക്കുകയും, തുടർന്ന് വീട്ടിൽ കയറി തന്നെയും ഭർത്താവിനെയും ദേഹോപദ്രവം ഏൽപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും, സ്ത്രീത്വത്തെ അപമാനിക്കുന്ന പ്രവൃത്തികൾ ചെയ്യുകയും, ഇതു സംബന്ധിച്ച് പൂവ്വാർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ട് നടപടി ഒന്നും ഉണ്ടായിട്ടില്ലായെന്നും മറ്റും കാണിച്ചാണ് ഈ പരാതി നൽകിയിട്ടുള്ളത്.

പരാതി വിഷയത്തിൽ നെയ്യാറ്റിൻകര അസിസ്റ്റൻറ് പോലീസ് സൂപ്രണ്ട് ഒരു റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പരാതികക്ഷി കുളത്തൂർ കാരക്കാട് സ്വദേശിയാണെന്നും, പരാതികക്ഷിയുടെ അമ്മയുടെ കുടുംബവീട് തിരുപുറം തക്കേപ്ലാവിള എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്നും, ടി സ്ഥലത്തെ പരിസരവാസികളാണ് എതിർകക്ഷികളായ വിജിത്തും വിനിലും എന്നും, പരാതികക്ഷിയുടെ വീടിനു പുറകുവശത്തായി വിനിലിന് വസ്തു ഉള്ളതും ടി വസ്തുവിലേയ്ക്ക് പോകുന്നതിനായി പരാതികക്ഷിയുടെ വീടിനു സമീപത്തുകൂടെ വഴി ഉള്ളതുമാണെന്നും, 11.03.2023 തീയതി ടി വിനിലിൻെറ വസ്തുവിൽ വിജിത്ത് ജെ.സി.ബിയും ടിപ്പറും കൊണ്ടുപോയ സമയം പരാതികക്ഷിയുടെ മതിലിൻെറ ബേസ്മെൻറ് പൊളിയുകയും അതിര് കല്ല് ഇളകുകയും ചെയ്തുവെന്നും ആയത് ചോദ്യം ചെയ്ത പരാതികക്ഷിയെയും കുടുംബത്തെയും

എതിർകക്ഷികൾ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്യുവെന്ന് മറ്റും കാണിച്ച് പൂവ്വാർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നതായും, ടി പരാതിയുടെ അടിസ്ഥാനത്തിൽ എതിർകക്ഷികൾക്കെതിരെ പൂവ്വാർ പോലീസ് സ്റ്റേഷൻ ക്രൈം 373/2023 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ചാർജ്ഷീറ്റ് തയ്യാറാക്കി 26.04.2023 തീയതി കോടതിയിൽ സമർപ്പിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ കാണുന്നു.

പരാതി വിചാരണക്കെടുത്ത സമയം പരാതികക്ഷി ഹാജരായി. എതിർകക്ഷികളിൽ നിന്നും ഇപ്പോഴും നിരന്തരം ഭീഷണി നേരിടുന്നതായി ടിയാൾ കമ്മീഷനെ അറിയിച്ചു. പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. എതിർകക്ഷികൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസിന്മേൽ പോലീസ് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായി കമ്മീഷൻ മനസ്സിലാക്കുന്നു *പരാതിക്കാരിയുടെ സ്വൈര്യജീവിതത്തിന് എന്തെങ്കിലും* **തടസ്സം ഉണ്ടായാൽ ആ** *വിവരം കാണിച്ച്* പൂവ്വാർ *പോലീസിൽ പരാതി നൽകേണ്ടതും* **പരാതി** *ലഭിക്കുന്നപക്ഷം പരാതിക്കാരിക്ക് ആവശ്യമായ* **സംരക്ഷണം നൽകണമെന്ന് കമ്മീഷൻ** പൂവ്വാർ പോലീസ് ഇൻസ്പെക്ടറോട് ശുപാർശ ചെയ്തുകൊണ്ട് പരാതി **അവസാനിപ്പിക്കുന്നു.**

ഒപ്പ്
**കെ.ബൈജുനാഥ്**
**ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

Aminthas.V.
രജിസ്ട്രാർ